# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1003

10.06.2019-ലെ മറുപടി

## കായംകുളം മണ്ഡലത്തിൽ R.O പ്ലാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി യു. പ്രതിഭ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, 2017-ൽ ദേവി കുളങ്ങര, പത്തിയൂർ, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തുകളിലേക്ക് R.O. പ്ലാന്റ് നിർമ്മിക്കുന്നതിനു വേണ്ടി എത്ര രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | 21,25,000/-രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ) |
| (ബി) | പണം അടച്ച് 2 വർഷങ്ങൾ പിന്നിട്ടിട്ടും പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി)<br>&<br>(സി) | R.O. പ്ലാന്റ് നിർമ്മിക്കുന്നതിനു വേണ്ടി 21.25 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കുള്ള എഗ്രിമെന്റ് ബ്ലോക്ക് പഞ്ചായത്തുമായി വയ്ക്കാത്തതു മൂലം പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി നൽകാൻ സാധിച്ചിരുന്നില്ല. വിവരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ച് അടിയന്തിരമായി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് R.O. പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് R.O. പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ